കൊച്ചിൻ കസ്റ്റംസ് ആന്റ് സെൻട്രൽ എക്സൈസ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ ഇ 340 സൂചന (1) പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് ടി സംഘത്തിന്റെ ലിക്വിഡേറ്ററായി വില്ലിങ്ടൺ ഐലന്റ് യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ചിട്ടുള്ളതും ലിക്വിഡേറ്റർ 1-6-1995-ൽ ചാർജ്ജെടുത്തിട്ടുള്ളതുമാണ്. ടി സംഘത്തിന്റെ 1976-77 വർഷത്തിലെ ആഡിറ്റ് സർട്ടിഫിക്കറ്റ് മാത്രമാണ് ലഭ്യമായിട്ടുള്ളത്. സംഘത്തിന്റെ നാൾവഴിയോ, മറ്റ് റെക്കോർഡുകളും ഒന്നും തന്നെ ലഭ്യമായിട്ടില്ലാത്തതാണ്. ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി ക്ലെയിം നോട്ടീസ് പുറപ്പെടുവിച്ചെങ്കിലും ആരും തന്നെ അവകാശവാദവുമായി ലിക്വിഡേറ്ററെ സമീപിച്ചിട്ടില്ലാത്തതാണ്. ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി സംഘത്തിന് കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ വിവിധ തുകകൾ ഈടാക്കുന്നതിനും കൊടുത്തു തീർക്കുന്നതിനും കഴിയാത്തതിനാൽ ആയത് എഴുതി തള്ളി എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ലിക്വിഡേറ്ററുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നതിനും, വരവ് ചിലവ് കണക്കുകൾ അവതരിപ്പിക്കുന്നതിനുമായി സംഘത്തിന്റെ അവസാന പൊതുയോഗം 14-1-2026-ന് നടത്താൻ നോട്ടീസ് പുറപ്പെടുവിച്ചിരുന്നെങ്കിലും ആരും തന്നെ ഹാജരായിട്ടില്ലാത്തതുമാണ്.

മേൽ സാഹചര്യത്തിലും കൊച്ചിൻ കസ്റ്റംസ് ആന്റ് സെൻട്രൽ എക്സൈസ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ ഇ 340-ന്റെ സമാപ്തീകരണ നടപടികൾ സഹകരണ സംഘം നിയമം 73(3) വകുപ്പ് പ്രകാരം പൂർത്തീകരിച്ച സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമത്തിലെ 74 വകുപ്പിന് അനുസൃതമായി റദ്ദ് ചെയ്യുന്നതിന് ലിക്വിഡേറ്റർ സൂചന (3) പ്രകാരം തീരുമാനമെടുത്ത് കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (4) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുള്ളതാണ്. സമാപ്തീകരണ നടപടികൾ പൂർത്തികരിക്കപ്പെട്ട സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

കൊച്ചിൻ കസ്റ്റംസ് ആന്റ് സെൻട്രൽ എക്സൈസ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ ഇ 340-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്നുള്ള ലിക്വിഡേറ്ററുടെ സൂചന (3) തീരുമാനം അംഗീകരിച്ചുകൊണ്ട് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ ബാധ്യതകൾ എല്ലാം ഒടുക്കിയ ശേഷം മിച്ചം വന്ന തുക ധനസഹായ ബാങ്കിൽ ലിക്വിഡേറ്റർ നിക്ഷേപിക്കേണ്ടതും 2 വർഷം കഴിഞ്ഞാൽ ടി തുക പലിശ സഹിതം താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ പേരിലുള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് നിക്ഷേപിക്കേണ്ടതുമാണ്. ലിക്വിഡേഷൻ സംബന്ധിച്ചുള്ള റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ആഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(11)

നമ്പർ 863/2025/എ.ഇ.എൽ./കെ.ഡിസ്. 2026 ജനുവരി 19.

വിഷയം:—സമാപ്തീകരണം—ഹാർബർ വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 509-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) സഹകരണ സംഘം ജോയിന്റ് റ് രജിസ്ട്രാർ (ജനറൽ)-ന്റെ 16-10-1980-ലെ സി.എസ് 1238/78 കെ.ഡിസ് നമ്പർ ഉത്തരവ്.

(2) എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 20-12-2025 തീയതിയിലെ 863/2025 എ.ഇ.എൽ. നമ്പർ ഉത്തരവ്.

(3) ഹാർബർ വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 509 ലിക്വിഡേറ്ററുടെ 15-1-2026 തീയതിയിലെ 1 നമ്പർ തീരുമാനവും റിപ്പോർട്ടും.

(4) കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 15-1-2026 തീയതിയിലെ WI 713/2025 നമ്പർ കത്ത്.

ഹാർബർ വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 509 സൂചന (1) പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് ടി സംഘത്തിന്റെ ലിക്വിഡേറ്ററായി വില്ലിങ്ടൺ ഐലന്റ് യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ചിട്ടുള്ളതും ലിക്വിഡേറ്റർ 13-11-1980-ൽ ചാർജ്ജെടുത്തിട്ടുള്ളതുമാണ്. ടി സംഘത്തിന്റെ ആഡിറ്റ് സർട്ടിഫിക്കറ്റോ, നാൾവഴിയോ, മറ്റ് റെക്കോർഡുകളും ഒന്നും തന്നെ ലഭ്യമായിട്ടില്ലാത്തതാണ്. ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി ക്ലെയിം നോട്ടീസ് പുറപ്പെടുവിച്ചെങ്കിലും ആരും തന്നെ അവകാശവാദവുമായി ലിക്വിഡേറ്ററെ സമീപിച്ചിട്ടില്ലാത്തതാണ്. ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി സംഘത്തിന് കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ വിവിധ തുകകൾ ഈടാക്കുന്നതിനും കൊടുത്തു തീർക്കുന്നതിനും കഴിയാത്തതിനാൽ ആയത് എഴുതി തള്ളി എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ലിക്വിഡേറ്ററുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നതിനും, വരവ് ചിലവ് കണക്കുകൾ അവതരിപ്പിക്കുന്നതിനുമായി സംഘത്തിന്റെ അവസാന പൊതുയോഗം 14-1-2026-ന് നടത്താൻ നോട്ടീസ് പുറപ്പെടുവിച്ചിരുന്നെങ്കിലും ആരും തന്നെ ഹാജരായിട്ടില്ലാത്തതുമാണ്.

മേൽ സാഹചര്യത്തിലും ഹാർബർ വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 509-ന്റെ സമാപ്തീകരണ നടപടികൾ സഹകരണ സംഘം നിയമം 73(3) വകുപ്പ് പ്രകാരം പൂർത്തീകരിച്ച സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമത്തിലെ 74 വകുപ്പിന് അനുസൃതമായി റദ്ദ് ചെയ്യുന്നതിന് ലിക്വിഡേറ്റർ സൂചന (3) പ്രകാരം തീരുമാനമെടുത്ത് കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (4) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുള്ളതാണ്. സമാപ്തീകരണ നടപടികൾ പൂർത്തികരിക്കപ്പെട്ട സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ഹാർബർ വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ 509-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്നുള്ള ലിക്വിഡേറ്ററുടെ സൂചന (3) തീരുമാനം അംഗീകരിച്ചുകൊണ്ട് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ ബാധ്യതകൾ എല്ലാം ഒടുക്കിയ ശേഷം മിച്ചം വന്ന തുക ധനസഹായ ബാങ്കിൽ ലിക്വിഡേറ്റർ നിക്ഷേപിക്കേണ്ടതും 2 വർഷം കഴിഞ്ഞാൽ ടി തുക പലിശ സഹിതം താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ പേരിലുള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് നിക്ഷേപിക്കേണ്ടതുമാണ്. ലിക്വിഡേഷൻ സംബന്ധിച്ചുള്ള റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ആഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(12)

നമ്പർ 534/2025/എ.ഇ.എൽ. കെ.ഡിസ്. 2026 ജനുവരി 8.

വിഷയം:—സമാപ്തീകരണം—മുളവുകാട് മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 592-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ ന്റെ 28-2-1979-ലെ ഡി/10123/76/കെ.ഡിസ്. നമ്പർ ഉത്തരവ്.

(2) എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 25-11-2025 തീയതിയിലെ 534/2025/എ.ഇ.എൽ നമ്പർ ഉത്തരവ്.

(3) മുളവുകാട് മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 592 ലിക്വിഡേറ്ററുടെ 30-12-2025 തീയതിയിലെ 1 നമ്പർ തീരുമാനവും റിപ്പോർട്ടും.

(4) കണയന്നൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 6-1-2026 തീയതിയിലെ ARGKYR/921/2025 UI (1) നമ്പർ കത്ത്.

മുളവുകാട് മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 592 സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ-ന്റെ സൂചന (1) പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് ടി സംഘത്തിന്റെ ലിക്വിഡേറ്ററായി ഇടപ്പള്ളി യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ചിട്ടുള്ളതും ലിക്വിഡേറ്റർ 28-8-1981-ൽ ചാർജ്ജെടുത്തിട്ടുള്ളതുമാണ്. ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി ക്ലെയിം നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ഹാജരായവരുടെ സംഖ്യകൾ കൊടുത്തു തീർത്തിട്ടുള്ളതും, ഈടാക്കിയെടുത്തിട്ടുള്ളതുമാണ്. ലിക്വിഡേഷൻ നടപടിയുടെ ഭാഗമായി ലിക്വിഡേറ്റർ സംഘത്തിന്റെ ആസ്തി, ബാധ്യതകൾ തിട്ടപ്പെടുത്തുകയും പിരിച്ചെടുക്കാവുന്ന ആസ്തികളിൽ നിന്നും തുക സ്വരൂപിക്കുകയും ചെയ്തിട്ടുള്ളതാണ്. ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി സംഘത്തിന് കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ വിവിധ തുകകൾ ഈടാക്കുന്നതിനും കൊടുത്തു തീർക്കുന്നതിനും കഴിയാത്തതിനാൽ ആയത് എഴുതി തള്ളി എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ലിക്വിഡേറ്ററുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നതിനും, വരവ് ചിലവ് കണക്കുകൾ അവതരിപ്പിക്കുന്നതിനുമായി സംഘത്തിന്റെ അവസാന പൊതുയോഗം 29-12-2025-ന് നടത്താൻ നോട്ടീസ് പുറപ്പെടുവിച്ചിരുന്നെങ്കിലും ആരും തന്നെ ഹാജരായിട്ടില്ലാത്തതുമാണ്.

മേൽ സാഹചര്യത്തിലും മുളവുകാട് മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 592-ന്റെ സമാപ്തീകരണ നടപടികൾ സഹകരണ സംഘം നിയമം 73(3) വകുപ്പ് പ്രകാരം പൂർത്തീകരിച്ച സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമത്തിലെ 74 വകുപ്പിന് അനുസൃതമായി റദ്ദ് ചെയ്യുന്നതിന് ലിക്വിഡേറ്റർ സൂചന (3) പ്രകാരം തീരുമാനമെടുത്ത് അപേക്ഷ കണയന്നൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (4) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുള്ളതാണ്. സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കപ്പെട്ട സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

മുളവുകാട് മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 592-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്നുള്ള ലിക്വിഡേറ്ററുടെ സൂചന (3) തീരുമാനം അംഗീകരിച്ചു കൊണ്ട് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ ബാധ്യതകൾ എല്ലാം ഒടുക്കിയ ശേഷം മിച്ചം വരുന്ന തുക പലിശ സഹിതം താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ പേരിലുള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് നിക്ഷേപിക്കേണ്ടതുമാണ്. ലിക്വിഡേഷൻ സംബന്ധിച്ചുള്ള റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ആഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(13)

നമ്പർ 515/2025/എ.ഇ.എൽ/കെ.ഡിസ്. 2026 ജനുവരി 8.

വിഷയം:—സമാപ്തീകരണം—ടി.സി.എം കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 211-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് —സംബന്ധിച്ച്.

സൂചന:—(1) സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) എറണാകുളത്തിന്റെ 1-8-2009 -ലെ സി.എസ് 8418/03/കെ.ഡിസ്. നമ്പർ ഉത്തരവ്.

(2) എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 20-11-2025 തീയതിയിലെ 515/2025 എ.ഇ.എൽ. നമ്പർ ഉത്തരവ്.

(3) ടി.സി.എം കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 211 ലിക്വിഡേറ്ററുടെ 12-12-2025 തീയതിയിലെ 1 നമ്പർ തീരുമാനവും റിപ്പോർട്ടും.

(4) കണയന്നൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 1-1-2026 തീയതിയിലെ ARGKYR/1358/2024 UI (5) നമ്പർ കത്ത്.

ടി.സി.എം. കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 211 എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ സൂചന (1) പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് ടി സംഘത്തിന്റെ ലിക്വിഡേറ്ററായി നോർത്ത് യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ചിട്ടുള്ളതും ലിക്വിഡേറ്റർ 17-8-2009-ൽ ചാർജ്ജെടുത്തിട്ടുള്ളതുമാണ്. ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി 25-7-2014 തീയതിയിൽ ക്ലെയിം നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ആരും തന്നെ അവകാശവാദവുമായി ലിക്വിഡേറ്ററെ സമീപിച്ചിട്ടില്ലാത്തതാണ്. ലിക്വിഡേഷൻ നടപടിയുടെ ഭാഗമായി ലിക്വിഡേറ്റർ സംഘത്തിന്റെ ആസ്തി, ബാധ്യതകൾ തിട്ടപ്പെടുത്തുകയും പിരിച്ചെടുക്കാവുന്ന ആസ്തികളിൽ നിന്നും തുക സ്വരൂപിക്കുകയും ചെയ്തിട്ടുള്ളതാണ്. ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി സംഘത്തിന് കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ വിവിധ തുകകൾ ഈടാക്കുന്നതിനും കൊടുത്തു തീർക്കുന്നതിനും കഴിയാത്തതിനാൽ ആയത് എഴുതി തള്ളി എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ലിക്വിഡേറ്ററുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നതിനും, വരവ് ചിലവ് കണക്കുകൾ അവതരിപ്പിക്കുന്നതിനുമായി സംഘത്തിന്റെ അവസാന പൊതുയോഗം 11-12-2025-ന് നടത്താൻ നോട്ടീസ് പുറപ്പെടുവിച്ചിരുന്നെങ്കിലും ആരും തന്നെ ഹാജരായിട്ടില്ലാത്തതാണ്.

മേൽ സാഹചര്യത്തിലും ടി.സി.എം കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 211-ന്റെ സമാപ്തീകരണ നടപടികൾ സഹകരണ സംഘം നിയമം 73(3) വകുപ്പ് പ്രകാരം പൂർത്തീകരിച്ച സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമത്തിലെ 74 വകുപ്പിന് അനുസൃതമായി റദ്ദ് ചെയ്യുന്നതിന് ലിക്വിഡേറ്റർ സൂചന (3) പ്രകാരം തീരുമാനമെടുത്ത് അപേക്ഷ കണയന്നൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (4) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുള്ളതാണ്. സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കപ്പെട്ട സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ടി.സി.എം. കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 211-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്നുള്ള ലിക്വിഡേറ്ററുടെ സൂചന (3) തീരുമാനം അംഗീകരിച്ചു കൊണ്ട് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ ബാധ്യതകൾ എല്ലാം ഒടുക്കിയ ശേഷം മിച്ചം വരുന്ന തുക പലിശ സഹിതം താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ പേരിലുള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് നിക്ഷേപിക്കേണ്ടതുമാണ്. ലിക്വിഡേഷൻ സംബന്ധിച്ചുള്ള റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ആഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ഒപ്പ്)
(ജനറൽ) ആഫീസ്, എറണാകുളം. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലപ്പുറം ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ : സുരേന്ദ്രൻ ചെമ്പ്ര)

നമ്പർ JRMPM/1184/2023/AEL. 2026 ഏപ്രിൽ 29.

വിഷയം :—സമാപ്തീകരണം—പുറത്തൂർ ജനറൽ വർക്കേഴ്സ് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 907—ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നത്—സംബന്ധിച്ച്.

പരാമർശം :—(1) മലപ്പുറം ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 6-4-2023-ലെ JRMPM/466/2022/SCT ഉത്തരവ്.

(2) സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മലപ്പുറത്തിന്റെ 1-4-2026-ലെ JRMPM/1184/2023/AEL നമ്പർ ഉത്തരവ്.

(3) സംഘം ലിക്വിഡേറ്ററുടെ 4-4-2026 തീയതിയിലെ പൊതുയോഗ തീരുമാനം.

(4) തിരൂർ അസിസ്റ്റന്റ് രജിസ്ട്രാറുടെ 28-4-2026-ലെ ARGTIR/293/2026/UI(3) നമ്പർ കത്ത്.

പുറത്തൂർ ജനറൽ വർക്കേഴ്സ് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 907 പരാമർശം (1) പ്രകാരം സമാപ്തീകരണത്തിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 27-4-2023-ന് ലിക്വിഡേറ്റർ ചാർജ്ജെടുത്ത് സമാപ്തീകരണ നടപടികൾ സ്വീകരിച്ച് വരികയാണ്.

ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലെ ആസ്തി ബാധ്യതകൾ താഴെ നൽകുന്നു.

ബാധ്യതകൾ	തുക ₹	ആസ്തികൾ	തുക ₹
ഓഹരി എ-ക്ലാസ്	128000.00	ക്യാഷ് ഇൻ ഹാന്റ്	113.00
ഓഹരി ബി-ക്ലാസ്	970.00	ബാങ്ക് നിക്ഷേപം	125088.00
റിസർവ്വ് ഫോർ അഡ്ജസ്റ്റഡ് ഹെഡ് ഡ്യൂടു	53000.00	ഡ്യൂടു	53000.00
റിസർവ്വ് ഫോർ ഇൻവെസ്റ്റ്മെന്റ് ഇന്ററസ്റ്റ്	12.00	പലവക	12.00
വിദ്യാഭ്യാസ ഫണ്ട്	12000.00	നഷ്ടം	48058.00
ഭരണ ചെലവും തൻ ചെലവും	10600.00		
കരുതൽ അഡ്വാൻസ് ഡ്യൂബൈ	21689.00		
ആകെ	226271.00	ആകെ	226271.00

സമാപ്തീകരണ നടപടികളുടെ ഭാഗമായി ചട്ടം 69 (2)-ന് വിധേയമായി ക്ലെയിം നോട്ടീസ് 25-5-2023-ന് യഥാവിധി കേരള സർക്കാർ ഗസറ്റിൽ ഉൾപ്പെടെ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. സംഘത്തിന്റെ ആസ്തി ബാധ്യതകൾ സംബന്ധിച്ച് ക്ലെയിം ഉന്നയിച്ചുകൊണ്ട് ആരും ലിക്വിഡേറ്ററെ സമീപിക്കുകയുണ്ടായില്ല.

ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി പിരിച്ചെടുക്കാൻ സാധിക്കുന്ന ആസ്തികൾ പിരിച്ചെടുക്കുകയും കൊടുത്ത് വീട്ടാൻ സാധിക്കുന്നവ കൊടുത്ത് തീർക്കുകയും റിസർവ്വുകളും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രൊവിഷനുകളും ലാഭ-നഷ്ടകണക്കിൽ ചാർജ്ജ് ചെയ്തതിനും ശേഷം സംഘത്തിന്റെ ആസ്തി-ബാധ്യത കണക്കിൽ തുടർന്നും ബാക്കിനിന്നിരുന്നതും എന്നാൽ യാതൊരു നിലയ്ക്കും ഈടാക്കാൻ കഴിയാത്തതുമായ ലിക്വിഡേറ്ററുടെ പേരിലുള്ള ബാങ്ക് നിക്ഷേപം 40,445 രൂപ ഒഴികെയുള്ള 74,514 രൂപയുടെ ആസ്തികളും കൊടുത്ത് വീട്ടാൻ കഴിയാത്ത 1,14,959 രൂപയുടെ ബാധ്യതകളും യഥാക്രമം എഴുതി തള്ളുന്നതിനും കണ്ടുകെട്ടുന്നതിനും ലിക്വിഡേറ്റർ അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ പരിശോധിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ ആയതിന് ശിപാർശ ചെയ്തതിന്റേയും അടിസ്ഥാനത്തിൽ അവ യഥാക്രമം എഴുതി തള്ളിയും കണ്ട് കെട്ടിയും പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തു.

എഴുതി തള്ളിയും കണ്ട് കെട്ടുകയും ചെയ്ത ആസ്തികളും ബാധ്യതകളും താഴെ നൽകുന്നു.

ബാധ്യതകൾ	തുക ₹	ആസ്തികൾ	തുക ₹
ഓഹരി എ-ക്ലാസ്	79300.00	ഡ്യൂടു	28000.00
ഓഹരി ബി-ക്ലാസ്	970.00	നഷ്ടം	46514.00
റിസർവ്വ് ഫോർ അഡ്ജസ്റ്റഡ് ഹെഡ് ഡ്യൂടു	28000.00		
കരുതൽ അഡ്വാൻസ് ഡ്യൂബൈ	6689.00		
ആകെ	114959.00	ആകെ	74514.00

ലിക്വിഡേറ്റർ മുതൽ കൂട്ടിയ ആകെ തുകയുടെ നിയമാനുസൃത നിരക്കിൽ 15% കണക്കാക്കിയ ₹ 33941 ലിക്വിഡേഷൻ ചാർജ്ജിനത്തിൽ അടവാക്കിയിട്ടുണ്ട്. മേൽ പ്രകാരമുള്ള നടപടികൾക്ക് ശേഷം ബാക്കി നിന്നിരുന്ന ബാങ്ക് നിക്ഷേപം ₹ 40445 കേരള സഹകരണ സംഘം നിയമം ചട്ടം 69(10)(i)-നും സഹകരണ സംഘം രജിസ്ട്രാറുടെ 29/2025 നമ്പർ സർക്കുലറിന് വിധേയമായും ആരെങ്കിലും ക്ലെയിം ഉന്നയിച്ച് ലിക്വിഡേറ്ററെ സമീപിക്കുകയാണെങ്കിൽ തീർപ്പാക്കുന്നതിനായി രണ്ട് വർഷക്കാലത്തേക്കായി ലിക്വിഡേറ്ററുടെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം, തിരൂർ ശാഖയിലുള്ള 090031201020041 അക്കൗണ്ടിൽ നിലനിർത്തുകയും ചെയ്തിട്ടുണ്ട്.

ലിക്വിഡേഷൻ ആഡിറ്റ് യഥാവിധി എ. ഇ.എൽ ആഡിറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. സർക്കാർ ബാധ്യതകൾ മുഴുവനായും അടവാക്കിയിട്ടുണ്ട്. സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് അന്തിമ പൊതുയോഗം 4-4-2026-നു ലിക്വിഡേറ്റർ വിളിച്ച് ചേർക്കുകയും പരാമർശം (3) പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് സംഘത്തിന്റെ അന്തിമപൊതുയോഗത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പ് 73 (3)-ന് വിധേയമായ റിപ്പോർട്ട് സഹിതം തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ പരിശോധിച്ച് പരാമർശം (4) പ്രകാരം തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് ശിപാർശയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

പുറത്തൂർ ജനറൽ വർക്കേഴ്സ് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 907-ന്റെ അന്തിമ സമാപ്തീകരണ നടപടികൾ ലിക്വിഡേറ്റർ പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ കേരള സഹകരണ സംഘം നിയമം 1969 ചട്ടം 70 പ്രകാരം മൂന്ന് വർഷം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്കുശേഷം ഈ ഓഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, മലപ്പുറം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

[കേരള സഹകരണ നിയമം ചട്ടം 69 (2) പ്രകാരം]

നമ്പർ ARGTIR/89/2026-UI(2). 2026 ഏപ്രിൽ 23.

മലപ്പുറം ജില്ലാ, സഹകരണ സംഘം ജനറൽ ജോയിന്റ് രജിസ്ട്രാറുടെ 23-9-2025-ലെ JRMPM/463/2025-HMC2 നമ്പർ ഉത്തരവ് പ്രകാരം കന്മനം ഓട്ടോ ടാക്സി തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 701-ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി തിരൂർ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ താനൂർ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ടി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും തുക ലഭിക്കാനുണ്ടെങ്കിൽ ടി വിവരം ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ 60 ദിവസത്തിനുള്ളിൽ നേരിട്ടോ ചുമതലപ്പെടുത്തുന്ന ഏജന്റ് മുഖാന്തിരമോ അറിയിക്കേണ്ടതാണെന്നും ടി സംഘത്തിലേക്ക് എന്തെങ്കിലും ഇനത്തിൽ അടവാക്കുവാനുണ്ടെങ്കിൽ അടയ്ക്കാനുള്ള തുക ഒരു മാസത്തിനകം നേരിട്ട് അടച്ച് രസീത് വാങ്ങേണ്ടതുമാണെന്നും ഇതിനാൽ പൊതുജനങ്ങളെയും സംഘാംഗങ്ങളെയും അറിയിച്ചുകൊള്ളുന്നു.

സംഘത്തിന്റെ എല്ലാ ആസ്തി ബാധ്യതകളും ഈ ക്ലെയിം നോട്ടീസ് പ്രകാരം ലിക്വിഡേറ്റർ എന്ന നിലയിൽ എന്നിൽ നിക്ഷിപ്തമായിരിക്കുന്നതും സംഘത്തിന്റെ ഏതൊരു ആസ്തിയും മേലിൽ മറ്റാരും കൈകാര്യം ചെയ്യാൻ പാടില്ലാത്തതും ആരുടെയെങ്കിലും കൈവശം സംഘം ആസ്തികൾ നിലവിലുണ്ടെങ്കിൽ ആയത് ഉടൻ തന്നെ ലിക്വിഡേറ്റർക്ക് കൈമാറേണ്ടതുമാണെന്ന വിവരം ഏവരേയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)
ലിക്വിഡേറ്റർ/
താനൂർ യൂണിറ്റ് ഇൻസ്പെക്ടർ,
കന്മനം ഓട്ടോ ടാക്സി തൊഴിലാളി
സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 701.

സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ
(ജനറൽ) ഓഫീസ്, തിരൂർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

[കേരള സഹകരണ നിയമം ചട്ടം 69 (2) പ്രകാരം]

നമ്പർ ARGPNA/452/2026-UI(2). 2026 ഏപ്രിൽ 20.

മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ജനറലിന്റെ 23-3-2026-ലെ JRMPM/143/2026/AEL നമ്പർ ഉത്തരവ് പ്രകാരം നമ്പർ എം. 503 പെരിന്തൽമണ്ണ താലൂക്ക് സ്കൂൾ എംപ്ലോയീസ് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ നടത്തുന്നതിനായി പെരിന്തൽമണ്ണ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽ ഓഫീസിലെ താഴെ പ്രസ്താവിച്ചിട്ടുള്ള ഉദ്യോഗസ്ഥനെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ടി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും തുക ലഭിക്കാനുണ്ടെങ്കിൽ ടി വിവരം ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ 60 ദിവസത്തിനുള്ളിൽ നേരിട്ടോ ചുമതലപ്പെടുത്തുന്ന ഏജന്റ് മുഖാന്തിരമോ അറിയിക്കേണ്ടതാണെന്നും ടി സംഘത്തിലേക്ക് എന്തെങ്കിലും ഇനത്തിൽ അടവാക്കാനുണ്ടെങ്കിൽ അടവാക്കാനുള്ള തുക ഒരു മാസത്തിനകം നേരിട്ട് അടച്ച് രസീത് വാങ്ങേണ്ടതുമാണെന്നും ഇതിനാൽ പൊതുജനങ്ങളെയും സംഘാംഗങ്ങളെയും അറിയിച്ചുകൊള്ളുന്നു.

സംഘത്തിന്റെ എല്ലാ ആസ്തി ബാധ്യതകളും ഈ ക്ലെയിം നോട്ടീസ് പ്രകാരം ലിക്വിഡേറ്റർ എന്ന നിലയിൽ എന്നിൽ നിക്ഷിപ്തമായിരിക്കുന്നതും സംഘത്തിന്റെ ഏതൊരു ആസ്തിയും മേലിൽ മറ്റാരും കൈകാര്യം ചെയ്യാൻ പാടില്ലാത്തതും ആരുടെയെങ്കിലും കൈവശം സംഘം ആസ്തികൾ നിലവിലുണ്ടെങ്കിൽ ആയത് ഉടൻ തന്നെ ലിക്വിഡേറ്റർക്ക് കൈമാറേണ്ടതുമാണെന്ന വിവരം ഏവരേയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)
ലിക്വിഡേറ്റർ,
ക്ലിപ്തം നമ്പർ എം. 503-പെരിന്തൽമണ്ണ
താലൂക്ക് സ്കൂൾ എംപ്ലോയീസ് ഹൗസിംഗ്
സഹകരണ സംഘം.

സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ
(ജനറൽ) ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ,
പെരിന്തൽമണ്ണ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാസറഗോഡ് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

നമ്പർ ഒ.395/2026. 2026 ഏപ്രിൽ 29.

വിഷയം:—നമ്പർ എസ്. 515 കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി പ്രവാസി ഹരിത സഹകരണസംഘം ക്ലിപ്തം—സമാപ്തീകരണം—ലികിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം നിയമിതനായ അന്വേഷണ ഉദ്യോഗസ്ഥനായ ഹോസ്ദുർഗ്ഗ് സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ കാഞ്ഞങ്ങാട് യൂണിറ്റ് ഇൻസ്പെക്ടറുടെ 15-4-2024-ലെ ARHSD/210/2023/UI-2 നമ്പർ അന്വേഷണ റിപ്പോർട്ട്.

(2) ഈ ഓഫീസിലെ 12-3-2025-ലെ ഇതേ നമ്പർ നോട്ടീസ്.

(3) സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), ഹോസ്ദുർഗ്ഗിന്റെ 28-2-2025-ലെ ARHSD/210/2023/UI-2 നമ്പർ കത്ത്.

(4) സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), ഹോസ്ദുർഗ്ഗിന്റെ 25-3-2026-ലെ ARHSD/450/2025/UI-2 നമ്പർ കത്ത്.

നമ്പർ എസ്. 515 കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി പ്രവാസി ഹരിത സഹകരണസംഘം ക്ലിപ്തം 18-2-2014-ൽ രജിസ്റ്റർ ചെയ്യുകയും 6-4-2014-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സംഘം നിലവിൽ പ്രവർത്തനരഹിതമാണ്. മേൽ സംഘത്തിന്റെ ഭരണസമിതിയുടെ കാലാവധി 2020-ൽ അവസാനിച്ചതാണ്. തുടർന്നുള്ള കാലയളവിൽ സംഘത്തിൽ ഭരണസമിതിയോ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ ചാർജ്ജെടുത്തിരുന്നില്ല.

സംഘം നിലവിൽ പ്രവർത്തനരഹിതമാണെന്നും സംഘത്തിന്റെ നെയിം ബോർഡ്, രജിസ്റ്റർ നമ്പർ, മേൽവിലാസം എന്നിവ കേരള സഹകരണ നിയമം വകുപ്പ് 9(A) പ്രകാരം പ്രദർശിപ്പിക്കാതിരിക്കുക, വകുപ്പ് 28, ചട്ടം 35 A പ്രകാരം ഭരണസമിതി തെരെഞ്ഞെടുപ്പ് നടത്താതിരിക്കുക, വകുപ്പ് 63, 64 പ്രകാരം ഓഡിറ്റ് നടത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്താതിരിക്കുക, ചട്ടം 29 പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കാതിരിക്കുക തുടങ്ങിയ ഗുരുതരമായ പോരായ്മകൾ സംഘത്തിൽ നിലനിൽക്കുന്നതായും സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിലില്ല എന്നും സൂചന (1) അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിൽ ഇല്ലാത്തതിനാൽ കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സൂചന (3) കത്ത് പ്രകാരം സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഹോസ്ദുർഗ്ഗ് ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംഘം പ്രവർത്തനം തുടർന്ന് കൊണ്ടുപോകുന്നതിനുള്ള സാധ്യതയില്ലായെന്ന് ബോധ്യമാകയാൽ 1969-ലെ കേരള സഹകരണ നിയമം 71 (1) വകുപ്പ് അനുസരിച്ച് സംഘം സമാപ്തീകരിക്കാതിരിക്കുവാൻ വല്ല കാരണവും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് 7 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കണമെന്നും അല്ലാത്തപക്ഷം മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ചുകൊണ്ട് സൂചന (2) പ്രകാരം സംഘത്തിന്റെ അവസാന ഭരണസമിതി അംഗങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. ഇക്കാര്യത്തിൽ അഭിപ്രായം അറിയിക്കണമെന്ന് കാണിച്ചുകൊണ്ട് കേരള സംസ്ഥാന സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ ഹോസ്ദുർഗ്ഗ് എന്നിവർക്കും നോട്ടീസ് നൽകിയിരുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംഘത്തിന്റെ മുൻ ഭരണസമിതി അംഗമായ ശ്രീ. പി. മുഹമ്മദ്കുഞ്ഞി ഈ ഓഫീസിൽ നേരിട്ട് ഹാജരായി വിശദീകരണം സമർപ്പിച്ചിരുന്നു. ടി വിശദീകരണത്തിൽ സംഘം ഓഫീസ് തുറന്ന് പ്രവർത്തിക്കുന്നുവെന്നും, സംഘത്തിന്റെ എല്ലാ റിക്കാർഡുകളും എഴുതി സൂക്ഷിക്കുന്നുവെന്നും സൂചിപ്പിച്ചിരുന്നു. പ്രസ്തുത വിശദീകരണം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഹോസ്ദുർഗ്ഗ് സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) നോട് നിർദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സൂചന(4) പ്രകാരം ഹോസ്ദുർഗ്ഗ് സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. സംഘത്തിന് നിലവിൽ ഓഫീസ് പ്രവർത്തിക്കുന്നില്ലാത്തതിനാലും സംഘത്തിന്റെ പ്രവർത്തനം പൂർണ്ണമായും നിലച്ചതിനാലും സംഘത്തിന്റെ നിലവിലുള്ള സ്ഥിതി പരിശോധിച്ച് പുനരുജ്ജീവിപ്പിക്കുന്നതിനായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, നിയമാവലി, മിനുട്സ്, നാൾവഴി, ആഡിറ്റ് സർട്ടിഫിക്കറ്റ് 2024-25, സംഘം പുനരുജ്ജീവിപ്പിക്കുന്നതിനായി ചുരുങ്ങിയത് 25 അംഗങ്ങൾ ഒപ്പ് വെച്ച അപേക്ഷ, വിശദമായ പ്രൊജക്ട് റിപ്പോർട്ട്, അംഗത്വ രജിസ്റ്റർ എന്നിവ സഹിതം 7 ദിവസത്തിനകം പരിശോധനയ്ക്കായി ഓഫീസിൽ ഹാജരാകുവാൻ രേഖാമൂലം ശ്രീ. പി. മുഹമ്മദ്കുഞ്ഞി എന്നവർക്ക് 22-1-2026-ന് രജിസ്റ്റേർഡ് കത്ത് നൽകിയിരുന്നെങ്കിലും ഹാജരായിരുന്നില്ലായെന്നും ആയതിനാൽ സംഘത്തെ സമാപ്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ഹോസ്ദുർഗ്ഗ് സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. ഈ സാഹചര്യത്തിൽ 1969-ലെ കേരള സഹകരണ നിയമം 71 വകുപ്പ് അനുസരിച്ച് എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

1. നമ്പർ എസ്. 515 കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി പ്രവാസി ഹരിത സഹകരണ സംഘം ക്ലിപ്തം കേരള സഹകരണ നിയമം 71(1)-ാം വകുപ്പ് പ്രകാരം ഹോസ്ദുർഗ്ഗ് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ കാഞ്ഞങ്ങാട് യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.
2. ലിക്വിഡേറ്റർ 72(2) വകുപ്പ് പ്രകാരം സംഘത്തിന്റെ എല്ലാ റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഉടനെ ഏറ്റെടുക്കേണ്ടതും, സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, കാസറഗോഡ്.

(ഒപ്പ്)
സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാസറഗോഡ് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

നമ്പർ ഒ. 525/2026. 2026 മേയ് 5.

വിഷയം:—നമ്പർ എസ്. 209 കാസറഗോഡ് ജില്ല ടൂറിസം ഡെവലപ്പ്മെന്റ് സഹകരണസംഘം ക്ലിപ്തം—സമാപ്തീകരണം—ലികിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം നിയമിതനായ അന്വേഷണ ഉദ്യോഗസ്ഥനായ ഹോസ്ദുർഗ്ഗ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ കാഞ്ഞങ്ങാട് യൂണിറ്റ് ഇൻസ്പെക്ടറുടെ 26-4-2024-ലെ ARHSD/196/2023/UI-2 നമ്പർ അന്വേഷണ റിപ്പോർട്ട്.

(2) ഈ ഓഫീസിലെ 12-3-2025-ലെ ഒ. 176/25 നമ്പർ നോട്ടീസ്.

(3) സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), ഹോസ്ദുർഗ്ഗിന്റെ 28-2-2025-ലെ ARHSD/125/2025/UI-2 നമ്പർ കത്ത്.

(4) സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), ഹോസ്ദുർഗ്ഗിന്റെ 25-3-2026-ലെ ARHSD/449/2025/UI-2 നമ്പർ കത്ത്.

നമ്പർ എസ്. 209 കാസറഗോഡ് ജില്ല ടൂറിസം ഡെവലപ്പ്മെന്റ് സഹകരണസംഘം ക്ലിപ്തം 31-8-1994-ൽ രജിസ്റ്റർ ചെയ്യുകയും 28-10-1994-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സംഘം നിലവിൽ പ്രവർത്തനരഹിതമാണ്. മേൽ പറഞ്ഞ സംഘത്തിന്റെ ഭരണസമിതിയുടെ കാലാവധി 25-1-2019-ൽ അവസാനിച്ചതാണ്. തുടർന്നുള്ള കാലയളവിൽ സംഘത്തിൽ ഭരണസമിതിയോ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ ചാർജ്ജെടുത്തിരുന്നില്ല.

സംഘം നിലവിൽ പ്രവർത്തനരഹിതമാണെന്നും സംഘത്തിന്റെ നെയിം ബോർഡ്, രജിസ്റ്റർ നമ്പർ, മേൽവിലാസം എന്നിവ കേരള സഹകരണ നിയമം വകുപ്പ് 9(A) പ്രകാരം പ്രദർശിപ്പിക്കാതിരിക്കുക, വകുപ്പ് 28, ചട്ടം 35 A പ്രകാരം ഭരണസമിതി തെരഞ്ഞെടുപ്പ് നടത്താതിരിക്കുക, വകുപ്പ് 63, 64 പ്രകാരം ഓഡിറ്റ് നടത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്താതിരിക്കുക, ചട്ടം 29 പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കാതിരിക്കുക തുടങ്ങിയ ഗുരുതരമായ പോരായ്മകൾ സംഘത്തിൽ നിലനിൽക്കുന്നതായും സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിലില്ല എന്നും സൂചന (1) അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിൽ ഇല്ലാത്തതിനാൽ കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സൂചന (3) കത്ത് പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഹോസ്ദുർഗ്ഗ് ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംഘം പ്രവർത്തനം തുടർന്ന് കൊണ്ടുപോകുന്നതിനുള്ള സാധ്യതയില്ലായെന്ന് ബോധ്യമാകയാൽ 1969-ലെ കേരള സഹകരണ നിയമം 71 (1) വകുപ്പ് അനുസരിച്ച് സംഘം സമാപ്തീകരിക്കാതിരിക്കുവാൻ വല്ല കാരണവും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് 7 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കണമെന്നും അല്ലാത്തപക്ഷം മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ചുകൊണ്ട് സൂചന (2) പ്രകാരം സംഘത്തിന്റെ അവസാന ഭരണസമിതി അംഗങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. ഇക്കാര്യത്തിൽ അഭിപ്രായം അറിയിക്കണമെന്ന് കാണിച്ചുകൊണ്ട് കേരള സംസ്ഥാന സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ ഹോസ്ദുർഗ്ഗ് എന്നിവർക്കും നോട്ടീസ് നൽകിയിരുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംഘത്തിന്റെ മുൻ ഭരണസമിതി അംഗമായ ശ്രീ. അബ്ദുൾ മനാഫ്, എൻ. കെ. ഓഫീസിൽ ഹാജരായി വിശദീകരണം സമർപ്പിച്ചിരുന്നു. ടി വിശദീകരണത്തിൽ സംഘം ഓഫീസ് തുറന്ന് പ്രവർത്തിക്കുന്നുവെന്നും, സംഘത്തിന്റെ എല്ലാ റിക്കാർഡുകളും എഴുതി സൂക്ഷിക്കുന്നുവെന്നും, സംഘത്തിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ച് തരണമെന്നും സൂചിപ്പിച്ചിരുന്നു. പ്രസ്തുത വിശദീകരണം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഹോസ്ദുർഗ്ഗ് അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)-നോട് നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സൂചന(4) പ്രകാരം ഹോസ്ദുർഗ്ഗ് അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. സംഘത്തിന് നിലവിൽ ഓഫീസ് പ്രവർത്തിക്കുന്നില്ലാത്തതിനാലും സംഘത്തിന്റെ പ്രവർത്തനം പൂർണ്ണമായും നിലച്ചതിനാലും സംഘത്തിന്റെ നിലവിലുള്ള സ്ഥിതി പരിശോധിച്ച് പുനരുജ്ജീവിപ്പിക്കുന്നതിനായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, നിയമാവലി, മിനുട്സ്, നാൾവഴി, ആഡിറ്റ് സർട്ടിഫിക്കറ്റ് 2024-25, സംഘം പുനരുജ്ജീവിപ്പിക്കുന്നതിനായി ചുരുങ്ങിയത് 25 അംഗങ്ങൾ ഒപ്പ് വെച്ച അപേക്ഷ, വിശദമായ പ്രൊജക്ട് റിപ്പോർട്ട്, അംഗത്വ രജിസ്റ്റർ എന്നിവ സഹിതം 7 ദിവസത്തിനകം പരിശോധനയ്ക്കായി ഓഫീസിൽ ഹാജരാകുവാൻ രേഖാമൂലം ശ്രീ. അബ്ദുൾ മനാഫ്, എൻ. കെ. എന്നയാൾക്ക് 23-1-2026-ന് രജിസ്റ്റേർഡ് കത്ത് നൽകിയിരുന്നെങ്കിലും ടി ഹാജരായിരുന്നില്ലായെന്നും ആയതിനാൽ സംഘത്തെ സമാപ്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ഹോസ്ദുർഗ്ഗ് അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. ഈ സാഹചര്യത്തിൽ 1969-ലെ കേരള സഹകരണ നിയമം 71 വകുപ്പ് അനുസരിച്ച് എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

1. നമ്പർ എസ്. 209 കാസറഗോഡ് ജില്ല ടൂറിസം ഡെവലപ്പ്മെന്റ് സഹകരണ സംഘം ക്ലിപ്തം കേരള സഹകരണ നിയമം 71 (1)-ാം വകുപ്പ് പ്രകാരം ഹോസ്ദുർഗ്ഗ് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ തൃക്കരിപ്പൂർ യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.
2. ലിക്വിഡേറ്റർ 72 (2) വകുപ്പ് പ്രകാരം സംഘത്തിന്റെ എല്ലാ റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഉടനെ ഏറ്റെടുക്കേണ്ടതും, സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഒപ്പ്)
സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ), കാസറഗോഡ് (ഇൻ ചാർജ്ജ്).

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, കാസറഗോഡ്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.19 03:43:38 +05:30